(സി) ഇതിൽ കളക്ടറേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽപ്പെട്ട എത്ര പേർക്ക് ക്വാർട്ടേഴ്സ് നൽകി; സീനിയോറിറ്റി മറി കടന്ന് എത്ര പേർക്ക് ക്വാർട്ടേഴ്സ് നൽകി;

(ഡി) സീനിയോറിറ്റി മറികടന്ന് ക്വാർട്ടേഴ്സ് ലഭ്യമായവരുടെ പേരും ഓഫീസ് അഡ്രസ്സും വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് 15 കി.മീ. ചുറ്റള വിൽ ജോലി ചെയ്യുന്നവരും ജോലി ചെയ്യുന്ന ഓഫീസിന്റെ 15 കി.മീ. ചുറ്റളവിൽ സ്വന്തം പേരിലോ ഭാര്യയുടെയോ ഭർത്താവിന്റെയോ വിവാഹിത രല്ലാത്ത മക്കളുടെയോ പേരിൽ വീടില്ലാത്തവരുമായ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് മാത്രമേ ക്വാർട്ടേഴ്സിന് അർഹതയുള്ളൂ.

(ബി)-(ഡി)വിവരം ശേഖരിച്ചു വരുന്നു.

168 (1386) റസ്റ്റ് ഹൗസുകൾ

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ, റ്റി.ബി. കൾ എന്നിവയുടെ വാർഷിക മെയിന്റനൻസ് സാധാരണ ഗതിയിൽ എപ്പോഴാണ് നടത്തുക;

(ബി) പ്രസ്തുത ജോലികൾ ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തുക യാണോ; അതോ കരാർ നൽകുകയാണോ;

(സി) ഇതിനായി 1997-98 സാമ്പത്തിക വർഷം എത്ര രൂപ ചെലവ ഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ റ്റി.ബി കൾ എന്നിവയുടെ വാർഷിക മെയിന്റനൻസ് ഫെബ്രുവരി-മാർച്ച് എന്നീ മാസങ്ങളിലാണ് നട ത്താറുള്ളത്.

(ബി) പ്രസ്തുത ജോലികൾ കരാർ നൽകുകയാണ് പതിവ്.

(സി) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ, റ്റി.ബി കൾ എന്നിവയ്ക്ക് 1997-98 സാമ്പത്തിക വർഷത്തിൽ 1,38,11,612/- രൂപ ചെലവഴിച്ചിട്ടുണ്ട്.

169 (1387) സാർക്ക് വികലാംഗ വർഷം

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് 30.3.1995-ലെ ജി.ഒ (പി) 6/95/പി.ആന്റ്.എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ എത്ര വികലാംഗരെ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്ഥിര പ്പെടുത്തിയിട്ടുണ്ട്;

(ബി) സ്ഥിരപ്പെടുത്തിയിട്ടില്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്ത മാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly